LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻസ് ആക്ട് പ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് സർക്കാരാണ് നിയമനം നടത്തുന്നത്. മുൻ കാലങ്ങളിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽനിന്നും ഇൻഡ്യൻ ഓഡിറ്റ് & അക്കൗണ്ട്സ് സർവ്വീസ് യോഗ്യതയുള്ളവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. സർക്കാരിലെ ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള സീനിയർ ഉദ്യോഗസ്ഥരെയാണ് എഫ്.എ&സി.എ.ഒ.-യുടെ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സമീപകാലത്ത് നിയമിച്ചു വന്നിരുന്നത്. നിലവിൽ ഒഴിവുള്ള പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുന്ന വിഷയവും നിലവിൽ കെ.എസ്.ആർ.ടി.സി.-യിലെ ഫിനാൻസ് മാനേജർക്ക് എഫ്.എ.&സി.എ.ഒ.-യുടെ അധിക ചുമതല കോർപ്പറേഷൻ നൽകിയിരിക്കുന്നതും സർക്കാർ പരിശോധിച്ചുവരികയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി

327 (3961) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-ക്ക് എത്ര രൂപ ധനസഹായമായി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ ;

(ബി) എത്ര രൂപയാണ് പ്രതിമാസ ശമ്പളം, പെൻഷൻ എന്നിവയ്ക്കായി വേണ്ടത്; ഇതിനകം എവിടെനിന്നെല്ലാം വായ്പകൾ എടുത്തിട്ടുണ്ട്; ബാദ്ധ്യതകൾ എത്ര; പ്രതിമാസം എത്ര രൂപയാണ് തിരിച്ചടക്കേണ്ടത്, വ്യക്തമാക്കാമോ ;

(സി) സാമ്പത്തിക പ്രതിസന്ധി കാരണം എത്ര ഷെഡ്യൂൾ വെട്ടിക്കുറച്ചു; ആകെ എത്ര ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്;

(ഡി) 2010 മുതൽ 2014 വരെ പ്രതിമാസം എത്ര ബസ്സുകളാണ് പുതിയതായി നിരത്തിലിറക്കിയത്; നിലവിലുള്ള സ്ഥിരം, താൽക്കാലികം, എം-പാനൽ ജീവനക്കാരുടെ എണ്ണം എത്ര ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ കെ.എസ്.ആർ.ടി.സി. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. പ്രതിമാസ വരവ് ചെലവ് അന്തരം 78 കോടി രൂപയാണ്. ഡീസൽ വാങ്ങുന്ന ഇനത്തിലുള്ള തുകയും വായ്പ തിരിച്ചടവും കഴിയുമ്പോൾ പ്രതിമാസ വരുമാനത്തിൽനിന്നും ശമ്പളവും പെൻഷനും നൽകാൻ കഴിയാത്ത സ്ഥിതിയാണ് ഉള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വായ്പയിനത്തിൽ 930 കോടി രൂപയും സബ്സിഡി/ഗ്രാന്റ് ഇനത്തിൽ 60 കോടി രൂപയും പദ്ധതി വിഹിതമായി 217.92 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും പ്രതിമാസം ശമ്പളം വിതരണം ചെയ്യുന്നതിന് 65.17 കോടി രൂപ ആവശ്യമാണ്. പെൻഷൻ വിതരണത്തിന് പ്രതിമാസം 40.16 കോടി രൂപ ആവശ്യമാണ്. കെ.റ്റി.ഡി.എഫ്.സി., ഹഡ്കോ, കെ.എസ്.റ്റി. തിരുവനന്തപുരം-റ്റി.133, LIC എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തിട്ടുണ്ട്. വായ്പതിരിച്ചടവ് ഇനത്തിൽ പ്രതിമാസം ശരാശരി 49 കോടി രൂപ ആവശ്യമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ഹഡ്കോ	3.23 കോടി രൂപ
കെ.റ്റി.ഡി.എഫ്.സി.	45.07 "
കെ.എസ്.റ്റി.	71000 രൂപ

LIC വായ്പക്ക് വാർഷിക തവണകളായാണ് തിരിച്ചടവ് നൽകിവരുന്നത്. പ്രതിവർഷ തവണയായി 5 കോടി രൂപയും നിലവിലുള്ള മുതലിന്റെ 13% പലിശയും തിരിച്ചടവിനായി ആവശ്യമുണ്ട്.

(സി) സാമ്പത്തിക പ്രതിസന്ധികാരണം ഷെഡ്യൂളുകളൊന്നും വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ ബസിന്റെ കുറവ് കാരണം വരുമാനക്കുറവുമുള്ള ചില ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. 1-12-2014-ലെ കണക്കനുസരിച്ച് 320 JnNURAM ബസുകൾ ഉൾപ്പെടെ 5923 ബസുകൾ ഉള്ളതിൽ 4907 ബസുകൾ സർവ്വീസ് നടത്തിയിട്ടുണ്ട്.

(ഡി) 2010 മുതൽ 2014 വരെ പ്രതിമാസം നിരത്തിലിറക്കിയ ബസുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

11/2014-ലെ കണക്കുപ്രകാരം 34,698 സ്ഥിരം ജീവനക്കാരും 9,608 താൽക്കാലിക എംപാനൽ ജീവനക്കാരുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.